**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3933** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തിന് ശേഷം 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും നാല് കോടി രൂപ വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് ഇതിനായി ഏത് ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | 26.07.2021 തീയതിയിലെ സ.ഉ (ആർ.റ്റി) 1555/2021/ആ.കു.വ നമ്പർ പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കിഫ്ബി ഫണ്ടും എം.എൽ.എ ആസ്തി വികസന ഫണ്ടും തുല്യമായി ചേർത്ത് 1,75,96,748/- രൂപ അനുവദിച്ചിരുന്നു. സ്ഥല ലഭ്യതയനുസരിച്ച് 90 സ്ഥലങ്ങളിലാണ് പ്രവൃത്തി ഉത്തരവ് നൽകിയത്. പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കരിവെള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായി തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ കരിവെള്ളൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അപര്യാപ്തമായതിനാൽ ആദ്യ ഘട്ടത്തിൽ പ്രവൃത്തി ഉത്തരവ് നൽകിയ സ്ഥലങ്ങളിൽ കരിവെള്ളൂർ സാമൂഹികാരോഗ്യകേന്ദ്രം ഉൾപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ